<u>ഭരണഭാഷ – മാതൃഭാഷ</u>

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/28956/2025-GEB2 തീയതി: 27-09-2025

**ക്വട്ടേഷൻ നോട്ടീസ്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് **ഒരു മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ (ഇന്നോവ ക്രിസ്റ്റ വാഹനം അഭികാമ്യം), ഒരു എൽ.എം.വി. സെഡാൻ വെഹിക്കിൾ (ഹോണ്ട സിറ്റി/ മാരുതി സിയാസ് വാഹനം അഭികാമ്യം)** അടക്കം രണ്ട് വാഹനങ്ങൾ ഡ്രൈവർ ഉൾപ്പെടെ 2026 മാർച്ച് 31 വരെ വാടകയ്ക്ക് നൽകുന്നതിന് ഏജൻസി/വ്യക്തികളിൽ നിന്നും മൽസരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ **06.10.2025-ന് 3.00** മണിക്ക് മുൻപായി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ജി.ഇ) മുൻപാകെ സമർപ്പിക്കേണ്ടതാണ്.

**ക്വട്ടേഷൻ വ്യവസ്ഥകൾ**

- **ഓരോ വാഹനത്തിനും പ്രത്യക ക്വട്ടെഷൻ സമർപ്പിക്കേണ്ടതാണ്.** ഡ്രൈവർ ഉൾപ്പെടെയുള്ള വാഹനത്തിന്റെ വാടക, ഡ്രൈവറുടെ ശമ്പളം, ഇന്ധന ചാർജ്, റിപ്പയറിംഗ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ അടക്കം 2026 മാർച്ച് 31 വരെ പ്രതിമാസ നിരക്ക് ക്വോട്ട് ചെയ്യേണ്ടതാണ്
- **വാഹന മാതൃക**: ഒരു മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ (ഇന്നോവ ക്രിസ്റ്റ വാഹനം അഭികാമ്യം), ഒരു സെഡാൻ വെഹിക്കിൾ (ഹോണ്ട സിറ്റി, മാരുതി സിയാസ് വാഹനം അഭികാമ്യം).
- വാഹനം ലഭ്യമാക്കേണ്ട സമയം: എല്ലാ ദിവസവും രാവിലെ 9.00 മണി മുതൽ വൈകിട്ട് 6.00 മണി വരെ (അത്യാവശ്യ സന്ദർഭങ്ങളിൽ അതിന് മുൻപും ശേഷവും).
- നിശ്ചിത നിരക്ക് ക്വോട്ട് ചെയ്യേണ്ട പ്രതിമാസ ഉപയോഗം: 1500 കി.മീ.
- നിരതദ്രവ്യം: **ഒരു ക്വട്ടേഷന് 500/- രൂപ** നിരക്കിൽ സീനിയർ ഫിനാൻസ് ഓഫീസറുടെ പേരിൽ ഡി.ഡി. ആയി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും: **06.10.2025 ന് വൈകുന്നേരം 3.00 മണി.**
- ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും: **06.10.2025 ന് വൈകുന്നേരം 4.00 മണി.** സന്നിഹിതരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും (അന്നേ ദിവസം അവധി ആണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം)
- ക്വട്ടേഷൻ സമർപ്പിക്കേണ്ട രീതി: സീൽ ചെയ്ത ക്വട്ടേഷൻ.
- 1500 കി.മീ പ്രതിമാസ നിരക്ക്, 1500 കി.മീ-ന് മുകളിൽ അധികമായി വരുന്ന ഓരോ കിലോമീറ്ററിനും ഉള്ള നിരക്ക്, അധിക സമയത്തിന് ശേഷമുള്ള ഓരോ മണിക്കൂറിനും ഉള്ള നിരക്ക്, ജില്ലയ്ക്ക് പുറത്ത് ഹാൾട്ട് ചെയ്യുന്നതിന് ഡ്രൈവർ ബത്ത, വാഹനത്തിന്റെ മോഡൽ, രജിസ്ട്രേഷൻ നമ്പർ, രജിസ്ട്രേഷൻ തീയതി, ക്വട്ടേഷൻ നൽകുന്ന ആളുടെ പേര്, മേൽവിലാസം, ഒപ്പ് എന്നിവ വ്യക്തമായി ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
- വാഹനത്തിന് നിയമപരമായിട്ടുള്ള എല്ലാ രേഖകളും കാലികമാക്കിയിരിക്കേണ്ടതാണ്

(ഇൻഷുറൻസ്, പൊല്യൂഷൻ, തുടങ്ങിയവ).

- ജി.എസ്.ടി. അടക്കമുള്ള തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
- 2022-ന് ശേഷം രജിസ്ട്രേഷൻ ചെയ്ത വാഹനങ്ങളുടെ മാത്രം ക്വട്ടേഷൻ ലഭ്യമാക്കിയാൽ മതിയാകും.

**നിബന്ധനകൾ**

- സമർപ്പിക്കുന്ന ക്വട്ടേഷനോടൊപ്പം ഫോട്ടോ പതിച്ച ഐ ഡി കാർഡിന്റെ പകർപ്പും നിരതദ്രവ്യവും ചേർത്തിരിക്കണം. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്നവരുടെ നിരതദ്രവ്യം കരാർ നടപട് പൂർത്തീകരിച്ച ശേഷം തിരികെ നൽകുന്നതാണ്. മറ്റുള്ളവരുടെ നിരതദ്രവ്യം ഒറിജിനൽ ഐ കാർഡ് ഹാജരാക്കി ആധികാരികത ഉറപ്പ് വരുത്തിയ ശേഷം തിരികെ നൽകുന്നതാണ്.
- കരാർ അടിസ്ഥാനത്തിൽ ഓടുന്ന വാഹനം എപ്പോഴും നല്ല കണ്ടീഷനിൽ ഉള്ളതായിരിക്ക കൂടാതെ വാഹനം ഓടിക്കുന്ന ഡ്രൈവർമാർ നല്ല പരിചയസമ്പന്നരായിരിക്കണം.
- ഡ്രൈവർക്ക് നിർബന്ധമായും ലൈസൻസും, സ്വഭാവ സർട്ടിഫിക്കറ്റും, സ്ഥിരമേൽവിലാന മൊബൈൽ ഫോണും ഉണ്ടായിരിക്കേണ്ടതും, ആയത് പ്രിൻസിപ്പൽ ഡയറക്ടറേ നൽകേണ്ടതുമാണ്.
- പ്രിൻസിപ്പൽ ഡയറക്ടറുടെ ആവശ്യാനുസരണം (അവധി ദിവസങ്ങൾ ഉൾപ്പെടെ രാത്രിയും പക വാഹനം ലഭ്യമാക്കേണ്ടതാണ്.
- കരാർ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷത്തിൽ യാതൊരു അറിയിപ്പും കൂടാതെ കരാർ ചെയ്യുന്നതാണ്. ആവശ്യമെങ്കിൽ അംഗീകരിച്ച തുകയിൽ മാറ്റം വരുത്താതെ കരാർ കാലാ നീട്ടുന്നതായിരിക്കും
- ഏതെങ്കിലും കാരണവശാൽ സ്ഥിരം വാഹനത്തിന് ഓടാൻ പറ്റുന്നില്ലെങ്കിൽ അംഗീ വ്യവസ്ഥയിലും നിരക്കിലും പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
- വാഹനങ്ങളുടെ വാടകയിൽ നിന്നും നിയമാനുസൃത കിഴിവുകൾ ഈടാക്കുന്നതാണ്.
- ലോഗ് ബുക്ക് പരിപാലിക്കേണ്ടതും ആയത് ഓഫീസിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.
- തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസികൾ/വ്യക്തികൾ ഓരോ വാഹനത്തിനും പ്രത്യേകമായി രൂപയുടെ പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.
- ഏതെങ്കിലും ക്വട്ടേഷ(നോ/നുകളോ) യാതൊരു കാരണവും ബോധിപ്പിക്കാതെ നിരസിക്കുവാൻ ത ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്

വിശ്വസ്തതയോടെ,
Geromic George IAS
PRINCIPAL DIRECTOR

പകർപ്പ് : 1. നോട്ടീസ് ബോർഡ്, സ്വരാജ് ഭവൻ

2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

Signed by
Geromic George Ias
Date: 27-09-2025 08:18:57